**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5106** **20-03-2025 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ അതിദരിദ്ര ഭൂരഹിതർക്കുള്ള ഭൂമി വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ അതിദരിദ്രരിൽപ്പെട്ട ഭൂരഹിതരെ കണ്ടെത്തി ഭൂമി വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | അതിദരിദ്രരുടെ ലിസ്റ്റിലുൾപ്പെട്ട ഭൂരഹിതർക്ക് താലൂക്ക് തലത്തിൽ റവന്യൂ പുറമ്പോക്ക് ഭൂമി/മറ്റ് ഭൂമികൾ കണ്ടെത്തി പതിച്ചു കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. മിച്ചഭൂമി ലഭ്യമായിട്ടുള്ള താലൂക്കുകളിൽ ഫോറം 17-ൽ അപേക്ഷ സ്വീകരിച്ച് പതിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത ജില്ലയിൽ നിലവിൽ അതിദരിദ്രരിൽപ്പെട്ട എത്ര പേർക്കാണ് ഭൂമി ലഭ്യമാക്കാൻ സാധിച്ചിട്ടുള്ളതെന്ന വിവരം താലൂക്കടിസ്ഥാനത്തിൽ ലഭ്യമാക്കുമോ? | (ബി) | പട്ടാമ്പി താലൂക്കിന് കീഴിൽ അതിദരിദ്രരുടെ ലിസ്റ്റിലുൾപ്പെട്ട 14 പേർക്ക് മിച്ചഭൂമി പതിച്ച് നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ